## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1730** **08/06/2018-ൽ മറുപടിയ്ക്ക്**

### ലൈഫ് പദ്ധതി

| ചോദ്യം<br>ശ്രീ.ടി.വി.രാജേഷ് | | മറുപടി<br>ശ്രീ.കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോൾ എത്ര ഭവനരഹിതരാണുള്ളത് എന്നും അതിൽ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ എത്രയെന്നും വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് ആകെ 594936 ഭവന രഹിതരാണ് ഉള്ളത്. ഇതിൽ 260179 ഭൂമിയുള്ള ഭവന രഹിതരാണ്. |
| (ബി) | സ്വന്തമായി ഭൂമിയില്ലാത്തവർ എത്ര; | (ബി) | സ്വന്തമായി ഭൂമിയില്ലാത്തവർ 334757 പേരാണ്. |
| (സി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്; വിശദമാക്കാമോ? | (സി) | ലൈഫ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളിൽ 39398 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്നവയിൽ 16727 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. പുതിയ വീടുകളിൽ നഗരപ്രദേശങ്ങളിൽ 31805 വീടുകൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 3308 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ 4075 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 8 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ